# വയലാർ രവി വാളെടുക്കുന്നത് കോൺഗ്രസ്സിന്റെ ഇരട്ടത്താപ്പ് തുറന്നു കാണിച്ചതിനാൽ

**ജമാഅത്തെ** ഇസ്‌ലാമിയുടെ പിന്തുണ ആവശ്യപ്പെട്ടിട്ടില്ലെന്ന കോൺഗ്രസ് നേതാവ് വയലാർ രവിയുടെ പ്രസ്താവന (*മാധ്യമം* ഏപ്രിൽ 10) അങ്ങേയറ്റം പരിഹാസ്യമാണ്. പല കോൺഗ്രസ് നേതാക്കളും ജമാഅത്ത് പിന്തുണ തേടി മുമ്പും ഇപ്പോഴും സമീപിച്ചിട്ടുണ്ടെന്ന വസ്തുതയെ ഇവ്വിധം നിഷേധിക്കുന്ന തൊലിക്കട്ടി കോൺഗ്രസിനു മാത്രം അവകാശപ്പെട്ടതാണ്. രവി മുമ്പും ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഇത്തവണത്തെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് തേടി കോൺഗ്രസ് പ്രസിഡന്റ് രമേശ് ചെന്നിത്തല ജമാഅത്ത് നേതാക്കളെ സന്ദർശിച്ചത് ദൃശ്യമാധ്യമങ്ങളിലും പത്രങ്ങളിലും വന്നതാണ്. വേറെയും പല നേതാക്കളും ജമാഅത്ത് നേതൃത്വവുമായി മുമ്പും ഇപ്പോഴും ബന്ധപ്പെട്ടിട്ടുണ്ട്. ഇത്തവണ വയനാട്ടിൽ എം.ഐ ഷാനവാസിനാണ് ജമാഅത്ത് പിന്തുണ. കേരളത്തിന് പുറത്ത് പലയിടങ്ങളിലും ജമാഅത്തെ ഇസ്‌ലാമി ഫാഷിസ്റ്റ് ദുശ്ശക്തികൾക്കെതിരെ കോൺഗ്രസിന് പിന്തുണ നൽകുന്നുണ്ട്. മുമ്പും നൽകിയിട്ടുണ്ട്. തീവ്ര ഹിന്ദുത്വ ഫാഷിസ്റ്റ് പാർട്ടികളെ അധികാരത്തിൽനിന്നകറ്റാൻ കോൺഗ്രസ്സിനെ പിന്തുണക്കണമെന്ന സുചിന്തിത നിലപാട് ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചത് അതിന്റെ മാനവിക, ദേശീയ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ്. അകാരണമായും അന്യായമായും രണ്ടു തവണ ജമാഅത്തിനെ കോൺഗ്രസ് നിരോധിച്ചിട്ടുണ്ട്. ജമാഅത്തിനെതിരെ അടിസ്ഥാനരഹിതമായ പല വിമർശനങ്ങളും കോൺഗ്രസ് നേതൃത്വം നടത്താറുമുണ്ട്. പക്ഷേ ജമാഅത്തെ ഇസ്‌ലാമി അന്ധമായ പ്രതികാരശൈലി പുലർത്താറില്ലെന്ന് കോൺഗ്രസ്സിലെ നല്ലവർക്കറിയാം. കെ.പി.സി.സി പ്രസിഡന്റായിരുന്ന ടി.ഒ ബാവ സാഹിബ് മുതൽ പല കോൺഗ്രസ്സുകാരും ജമാഅത്തെ ഇസ്‌ലാമിയുമായി സഹകരിച്ചിരുന്നവരാണ്.

തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് തിരക്കുപിടിച്ച് ഇസ്രയേലുമായി നടത്തിയ മിസൈൽ ഇടപാടിൽ തൊള്ളായിരം കോടി രൂപയോളം കമീഷൻ പറ്റിയെന്ന ശക്തമായ ആരോപണത്തിന് നൽകിയ മറുപടിയിൽ ആദർശശാലിയായ ആന്റണിയുടെ പഴയ ആർജവം ദൃശ്യമല്ല. ആരോപണം തെളിഞ്ഞാൽ നടപടിയെടുക്കുമെന്ന ഒഴുക്കൻ മട്ടിലുള്ള മറുപടിയുടെ മറുവശം, തെളിയിക്കാൻ സാധിക്കാത്തവിധം സമർഥമായിട്ടാണ് പ്രസ്തുത ഇടപാട് ഒപ്പിച്ചത് എന്നായിരിക്കുമോ? ആന്റണിയുടേത് ആദർശനിഷ്ഠയല്ലെന്നും ആദർശകൗശലമാണെന്നും കോൺഗ്രസിനുള്ളിലെ ആന്റണിവിരുദ്ധർ പറയാറുണ്ട്.

കോൺഗ്രസ്സിന്റെ മൃദുഹിന്ദുത്വവും ഇസ്രയേൽ അനുകൂല നിലപാടും ബഹുജനം തിരിച്ചറിഞ്ഞിട്ടുണ്ട്. കണ്ണൂരിൽ അഡ്വ. ടി. ആസിഫലിയെയും വടകരയിൽ ഒരു പൊതുസ്ഥാനാർഥിയെയും നിർത്താനുള്ള തീരുമാനം അട്ടിമറിച്ച് സുധാകരനെയും മുല്ലപ്പള്ളിയെയും മത്സരിപ്പിച്ചത് ചില അഡ്ജസ്റ്റ്മെന്റുകളുടെ അടിസ്ഥാനത്തിലാണെന്ന് കോൺഗ്രസ്സുകാർ തന്നെ പറയുന്നുണ്ട്. കാസർകോട് ദുർബല സ്ഥാനാർഥിയെ നിർത്തി ബി.ജെ.പിയെ തുണക്കുകയും പകരം ബി.ജെ.പി നിർദേശാനുസരണം സുധാകരനെയും മുല്ലപ്പള്ളിയെയും നിർത്തി ബി.ജെ.പി പിന്തുണ ഉറപ്പുവരുത്തുകയും ചെയ്ത തന്ത്രം അങ്ങാടിപ്പാട്ടാണ്. യു.ഡി.എഫ് 4 ക്രിസ്ത്യൻ സ്ഥാനാർഥികളെ നിർത്തിയപ്പോൾ രണ്ട് മുസ്‌ലിം സ്ഥാനാർഥികളെ മാത്രമേ കോൺഗ്രസ് നിർത്തിയുള്ളൂ. ആളില്ലാ പാർട്ടിയെന്ന് പറയപ്പെടുന്ന സി.പി.ഐക്ക് മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള എൽ.ഡി.എഫ് നാല് സീറ്റ് നൽകുന്നുണ്ടെങ്കിൽ മുസ്‌ലിം ലീഗിന് കോൺഗ്രസ് നേതൃത്വത്തിലുള്ള യു.ഡി.എഫ് നാല് സീറ്റെങ്കിലും നൽകേണ്ടതുണ്ട്. മുന്നണിയില്ലാതെ എല്ലാവരും ഒറ്റക്കൊറ്റക്ക് സ്വതന്ത്രമായി മത്സരിച്ചാൽ കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പാർട്ടിയാണ് ലീഗ്. എല്ലാവരും ഒറ്റക്കൊറ്റക്കാണ് മത്സരിക്കുന്നതെങ്കിൽ രണ്ടോ മൂന്നോ സീറ്റ് ലീഗ് നേടിയേക്കും. അങ്ങനെയുള്ള ലീഗിനെ സമർഥമായി ഒതുക്കുകയാണ് കോൺഗ്രസ്. കോൺഗ്രസ്സിന്റെ ഇത്തരം ഇരട്ടത്താപ്പുകൾ തുറന്നുകാണിക്കുന്നതിനാലാണ് വയലാർ രവിയെ പോലുള്ളവർ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വാളെടുക്കുന്നത്.

യൂത്ത് കോൺഗ്രസ് നേതാവായ ടി. സിദ്ദീഖ് കോൺഗ്രസ്സിനകത്ത് താൻ നിരന്തരമനുഭവിക്കുന്ന പീഡനകഥ ഈയിടെ ഒന്നിലധികം തവണ കരഞ്ഞുതീർക്കുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമിക്കെതിരെയോ ലീഗിനെതിരെയോ സംസാരിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിംകൾക്കേ കോൺഗ്രസ്സിൽ എന്തെങ്കിലും പരിഗണനയുള്ളൂവെന്നതാണ് സത്യം. വിത്തുഗുണം പത്തുഗുണം എന്ന ആപ്ത വാക്യത്തെ അന്വർഥമാക്കുംവിധം ആര്യാടനും പുത്രനും അക്കാര്യം നിർവഹിക്കുന്നുമുണ്ട്.

**പി.പി അബ്ദുർറഹ്മാൻ**
**പെരിങ്ങാടി**




## ചുരുക്കെഴുത്ത്

**ജെഫ്രി** ലാംഗിന്റെ നാട്ടിൽനിന്ന് മറ്റൊരു മഹാ പണ്ഡിതൻ ജെറാൾഡിനെ കൂടി നമുക്ക് കിട്ടിയിരിക്കുന്നു. അനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം നൽകുന്ന ഉപദേശങ്ങളിൽനിന്ന് ധാരാളം പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്. ഒരു മുസ്‌ലിം തന്റെ ഇസ്‌ലാമിക ജീവിതം മുൻനിർത്തിയാവണം പ്രബോധനരംഗത്തിറങ്ങേണ്ടതെന്നും മാതൃകായോഗ്യമായ ജീവിതമാണ് ഏറ്റവും ശക്തമായ ദഅ്‌വാ മാധ്യമമെന്നുമുള്ള ആ ഉപദേശം നെഞ്ചിലേറ്റാനുള്ള കഴിവും മനസ്സും ദൈവം നമുക്ക് നൽകട്ടെ.

**മമ്മൂട്ടി കവിയൂർ**

**2009** ഏപ്രിൽ 18ന്റെ ലക്കം അടുത്ത കാലത്തിറങ്ങിയവയിൽ ഔന്നത്യം പുലർത്തുന്നതാണ്. മുഖക്കുറിപ്പ് മുതൽ മുഴുവൻ ലേഖനങ്ങളും എല്ലാ അർഥത്തിലും *പ്രബോധന*ത്തെ ധന്യമാക്കിയിരിക്കുന്നു.

**സി.പി അബ്ദുൽ ഗഫൂർ പൂനൂർ**

# ജനങ്ങൾക്കുവേണ്ടി എന്തു ചെയ്യാനാകും?

**'ഇന്ത്യൻ** ജമാഅത്തെ ഇസ്‌ലാമിയുടെ ജനപക്ഷ പ്രകടനപത്രിക' (ഏപ്രിൽ 11) കണ്ടു. അതിൽ പറഞ്ഞ കാര്യങ്ങൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ഏറ്റെടുത്ത് നടപ്പിൽ വരുത്തിയിരുന്നെങ്കിൽ ഇന്ത്യൻ ജനതക്ക് വലിയ അനുഗ്രഹമാകുമായിരുന്നു. ആഗ്രഹം മാത്രമാണെന്നറിയാം. അതൊന്നും നടപ്പിൽ വരുത്താൻ നിലവിലുള്ള കക്ഷികൾക്ക് കഴിയുകയില്ല. കാരണം, സ്വന്തം ഗ്രൂപ്പിന് സീറ്റ്, പാർട്ടിക്ക് മന്ത്രിസ്ഥാനം, കിട്ടുന്ന സമയത്തിനുള്ളിൽ ആവുന്നത്ര സമ്പാദിക്കുക ഇതൊക്കെയാണ് രാഷ്ട്രീയ പാർട്ടിക്കാരുടെ അജണ്ട. ജനങ്ങൾക്കു വേണ്ടി ചിന്തിക്കാൻ ഒരു പാർട്ടിക്കും സമയമില്ല. ഒരുപക്ഷേ ജമാഅത്തെ ഇസ്‌ലാമി നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടി രംഗത്തുവന്നാൽ ഇത്തരം ജനോപകാരപ്രദമായ കാര്യങ്ങൾ നടപ്പാക്കാൻ ശ്രമിച്ചേക്കാം. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുമ്പോൾ പരിഗണിക്കാവുന്ന ചില നിർദേശങ്ങൾ:

ആരോഗ്യമേഖലയിൽ സർക്കാർ ആശുപത്രികൾക്ക് ഉറപ്പുള്ള കെട്ടിടങ്ങൾ, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന ചികിത്സാ ചെലവ്, ആശുപത്രി പണിമുടക്ക് നിരോധിത മേഖലയിൽ ഉൾപ്പെടുത്തുക, അനാവശ്യ പ്രതിരോധ മരുന്നുകൾ ഉപേക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്താം.

കാർഷികരംഗത്ത് രാസവളങ്ങളും കീടനാശിനികളും നിരോധിക്കുക, പ്രകൃതിവളവും ജൈവ കീടനാശിനികളും ഉപയോഗിക്കുക, അങ്ങനെ ജൈവകൃഷിയിലേർപ്പെടുന്നവർക്ക് പ്രതിമാസ പ്രോത്സാഹന വേതനം, വൃദ്ധരായ കർഷകർക്ക് മാന്യമായ പെൻഷൻ തുടങ്ങിയവയും പരിഗണിക്കാം.

എം.എൽ.എ, എം.പി തുടങ്ങിയവർക്ക് ശമ്പളം, അലവൻസ് തുടങ്ങിയവ സ്വയം നിശ്ചയിക്കാനുള്ള അധികാരം എടുത്തുകളയുക. അതിനുവേണ്ടി നിയമവിദഗ്ധരും ന്യായാധിപന്മാരും അടങ്ങുന്ന കമ്മിറ്റി ഉണ്ടാക്കുക, അവർ പാസ്സാക്കിയ നിർദേശങ്ങൾ കോടതിക്കു സമർപ്പിക്കുക, കോടതിയുടെ അംഗീകാരത്തോടെ മാത്രം ശമ്പള വർധനവ് അനുവദിക്കുക തുടങ്ങിയവയും പ്രാധാന്യമുള്ള കാര്യങ്ങളാണ്.

പോലീസ് കേസ്, അറസ്റ്റ്, ചോദ്യം ചെയ്യൽ തുടങ്ങിയ വിഷയങ്ങളിലും സുതാര്യവും മാനുഷിക പരിഗണനകളുള്ളതുമായ നിയമഭേദഗതികൾ കൊണ്ടുവരാൻ രാഷ്ട്രീയ പാർട്ടിക്ക് കഴിയണം. പ്രതികളെ ചോദ്യംചെയ്യുന്നത് ഷോർട്ട് സെർക്യൂട്ട് കാമറ വഴി പൊതുജനങ്ങൾക്ക് കാണാവുന്നവിധം സ്റ്റേഷൻ കോമ്പൗണ്ടിൽ ടി.വി സ്ഥാപിച്ച് പ്രദർശിപ്പിക്കണം.

**അസീസ് ബീനെച്ച്**
**ഫുജൈറ**

# അമേരിക്കയുടെ ഇറാൻ നയം

**ഇറാനുമായി** സുഹൃദ്ബന്ധത്തിനു ശ്രമിക്കുന്ന ഒബാമയുടെ നീക്കങ്ങൾ ആത്മാർഥമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അഫ്ഗാൻ-ഇറാഖ് നയങ്ങളിൽ ഒബാമ ഒരു മാറ്റവും വരുത്താതിരിക്കുകയും ഫലസ്തീനെ തകർക്കുന്നതിൽനിന്ന് പിന്തിരിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇറാനുമായി സഹവർത്തിത്വത്തിനു ശ്രമിക്കുന്നത് ഒട്ടേറെ സംശയങ്ങൾക്ക് ഇട വരുത്തുന്നതാണ്. ബുഷിന്റെ തെമ്മാടി രാഷ്ട്ര നാമകരണത്തെ നിരാകരിക്കാനോ, ഇറാൻ ആവശ്യപ്പെട്ടതുപോലെ ഇറാഖ് അധിനിവേശത്തിന്റെ പേരിൽ മാപ്പു പറയാനോ അമേരിക്ക തയാറാകാതിരിക്കെ, ഇറാന്റെ ആണവ രഹസ്യങ്ങൾ ചോർത്തുന്നതിനുള്ള രഹസ്യ അജണ്ടയുടെ ഭാഗമാണോ പുതിയ സൗഹൃദ നയമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

**അബ്ദുൽ മലിക്ക് മുടിക്കൽ**